"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:എഫ്3/10150/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തിനഗർ, തിരുവനന്തപുരം-01,
തീയതി:26.04.2016.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്രകൃതി സൗഹാർദ്ദ ജീവിതശൈലി വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിനായി ഐ.ടി.ഐ.കളിൽ ഗ്രീൻ പ്രോട്ടോക്കോൾ ഫോഴ്സ് (ഹരിതസേന) രൂപീകരിക്കുന്നത്-സംബന്ധിച്ച്.

സൂചന:- DSM/KLM/781/12 നമ്പരായ 02.04.2016-ലെ കൊല്ലം ജില്ലാ കോ-ഓർഡിനേറ്റർ ശുചിത്വ മിഷന്റെ കത്ത്.

**********

കേരളത്തിലെ വികലമായ മാലിന്യ സംസ്കരണ നയംമൂലം ഉണ്ടാകുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ബോധവത്കരണം വളരെ അനിവാര്യമാണ്. കേരളത്തിലെ വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗബാധിതരുടെ എണ്ണവും പകർച്ചവ്യാധികളും ഇതു സാക്ഷ്യപ്പെടുത്തുന്നു.

ഇത്തരം ബോധവത്കരണം ഏറ്റവും ഫലപ്രദമായി നടപ്പിലാക്കേണ്ടത് ഭാവി പൗരൻമാരായ ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തിലാണ് എന്ന തിരിച്ചറിവിൽ ഇതിനുള്ള ശ്രമം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കേരളത്തിനകത്തുള്ള എല്ലാ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിലും ഒരു ഗ്രീൻ പ്രോട്ടോക്കോൾ ഫോഴ്സ് (ഹരിതസേന) രൂപീകരിക്കാവുന്നതാണ്.

ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ എന്നീ രീതിയിലൂടെയും പ്ലാസ്റ്റിക്, പി.വി.സി, ഗ്ലാസ്, ടെട്രാപാക്കുകൾ, ഡിസ്പോസിബിൾ ഐറ്റംസ്, ഇലക്ട്രോണിക് വേസ്റ്റുകൾ തുടങ്ങിയ അജൈവ മാലിന്യങ്ങളെ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

മനുഷ്യരാശിയ്ക്കും പ്രകൃതിയ്ക്കും ഗുരുതരമായ രീതിയിൽ ഭീഷണി ഉയർത്തുന്ന അജൈവ വസ്തുക്കളുടെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനും ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി നമ്മുടെ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് ഹരിതസേനയുടെ മുഖ്യ ചുമതല.

<u>ഘടന:-</u>

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾതന്നെ നിലവിലുള്ള NSS, NCC, SPC, Scout & Guide തുടങ്ങിയവയിൽ അനുകരണീയമായ ഒരു മാതൃകയിൽ ഹരിത സേനയും രൂപീകരിക്കാവുന്നതാണ്.

<u>ലക്ഷ്യങ്ങൾ:-</u>

a) പ്രകൃതി സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും നിർബന്ധ ബാധ്യതയാണെന്ന ഉത്തമ ബോധ്യവും അർപ്പണ മനോഭാവവുമുള്ള വിദഗ്ദ്ധ പരിശീലനം ലഭിച്ച വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.

b) ഉപയോഗ ശേഷം വലിച്ചെറിയുന്ന ഡിസ്പോസിബിൾ ഐറ്റംസിനെ പൂർണ്ണമായും വിദ്യാലയങ്ങളിൽ നിന്നും പുറംതള്ളുക.

c) ഡിസ്പോസിബിൾ സാധനങ്ങൾ നമ്മുടെ പ്രകൃതിക്കും ആവാസ വ്യവസ്ഥയ്ക്കും വരുത്തുന്ന ഗുരുതരമായ ഭീഷണിയെകുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുക.

d) വിദ്യാലയങ്ങളിലെ ചടങ്ങുകളിൽ നിന്നും പ്ലാസ്റ്റിക്കിനെ പൂർണ്ണമായും ഒഴിവാക്കുക.

e) സ്കൂളുകളിൽ പ്രാതൽ, ഉച്ചഭക്ഷണ വിതരണം എന്നിവ പൂർണ്ണമായും പ്രകൃതി സൗഹൃദ രീതിയിലാക്കുക (പുനരുപയോഗ സാധ്യമായ പ്ലേറ്റുകൾ, വാഴയില മുതലായവ ഉപയോഗിക്കുക).

f) കുടിവെള്ള വിതരണത്തിനായി ബബിൾ ടോപ്പ് സംവിധാനം ഏർപ്പെടുത്തുകയും അവ കൃത്യമായി ഉപയോഗിക്കുന്നുണ്ടോ എന്നും പരിശോധിക്കുക.

g) ഓരോ ഹരിതസേന അംഗവും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രകൃതി സൗഹൃദ ജീവിത രീതിയുടെയും അംബാസിഡർമാരാകുക. രക്ഷകർത്താക്കളെയും, ബന്ധുക്കളെയും, സഹപാഠികളെയും നിരന്തരം ഇത് സംബന്ധിച്ച് ബോധവൽക്കരിക്കുക.

h) ഉത്തരവാദിത്ത ബോധത്തോടെയുള്ള വേസ്റ്റ് മാനേജ്മെന്റ് സംവിധാനം, പരിസ്ഥിതി സംരക്ഷണം എന്നിവ സ്വന്തം ബാധ്യതയാണെന്ന തിരിച്ചറിവ്, പ്രകൃതി മലിനീകരണം തടയുന്നതിലൂടെ മാത്രമേ ആരോഗ്യപൂർണ്ണമായ ജീവിതം സാധ്യമാകുകയുള്ളൂ, ശുദ്ധവായു, ശുദ്ധജലം, മാലിന്യമുക്ത ഭക്ഷണം ഇവ നമുക്ക് അവകാശപ്പെട്ടത് പോലെ വരുംതലമുറയുടെയും അവകാശമാണ് എന്നീ അമൂല്യങ്ങളായ പാഠങ്ങൾ സമൂഹത്തിൽ എത്തിക്കുന്നതിനായുള്ള മാധ്യമമായി ഇതിനെ മാറ്റുക.

i) Reduce, Reuse, Recycle എന്ന മഹത്തായ സന്ദേശത്തിന് വ്യാപകമായ രീതിയിലുള്ള പ്രചാരണം നൽകുക.

j) പ്രകൃതി സൗഹൃദമായ ക്ലോത്ത് ബാനറുകൾ ഉപയോഗിച്ച് സ്കൂളുകളിൽ ഗ്രീൻ സോണുകൾ തയ്യാറാക്കുക.

k) നമ്മുടെ കുടുംബങ്ങളിലും മറ്റും നടക്കുന്ന എല്ലാ ആഘോഷങ്ങളും ചടങ്ങുകളും പൂർണ്ണമായും ഹരിത സംവിധാനത്തിലാക്കുക.

l) സ്കൂൾ അസംബ്ലികളിൽ ഗ്രീൻ പ്രോട്ടോക്കോൾ സംബന്ധമായി ചെറു പ്രസംഗങ്ങളും ശാസ്ത്രീയമായ രീതിയിലുള്ള മറ്റ് പരിപാടികളും നടത്തുക. [redacted]

ഇത്തരത്തിൽ ഒരു ഹരിതസേന താങ്കളുടെ സ്ഥാപനത്തിലും പ്രവർത്തനമാരംഭിക്കാനും ഇനി വരുന്ന തലമുറകൾക്ക് കൂടി ഭൂമിയെ വാസയോഗ്യമാക്കി സംരക്ഷിച്ച് നിലനിർത്തേണ്ട ഉത്തരവാദിത്തം ഏറ്റെടുത്ത് നമുക്ക് ഒരുമിച്ച് ഒരേ മനസ്സോടെ പ്രവർത്തിക്കാം. ഇതിനു വേണ്ടുന്ന സാങ്കേതിക പിൻതുണയും സഹകരണവും അതാത് ജില്ലയിലെ ശുചിത്വമിഷൻ സംഘടനയിൽ നിന്നും സ്വീകരിക്കാവുന്നതാണ്.

ഹരിതസേന പ്രാവർത്തികമാക്കിയത് സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)
**ട്രെയിനിംഗ് ഡയറക്ടർ**

<u>സ്വീകർത്താവ്</u>:- എല്ലാ പ്രിൻസിപ്പാൾമാരും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

**//അംഗീകാരത്തോടെ//**

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

ആർ.ഇ.25.4.16